# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)

## വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011

(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത് / സ്ഥാപിതമായത്.)

ടെലിഫോൺ നമ്പർ - 0495 2367820

ഇ മെയിൽ. cgrfkzd@kseb.in

## സാന്നിദ്ധ്യം

സാജമ്മ. ജെ. പുന്നൂർ : അദ്ധ്യക്ഷ

ഫ്രാൻസിസ്. എ. സി : അംഗം

ഒ.പി. നം. **19/2024-25**

പരാതിക്കാരൻ :

1. ശ്രീമതി. സുജ. സി, ചങ്ങമേടത്ത് ഹൗസ്, മാങ്ങോട് പി. ഒ, ചെമ്മണ്ണൂർ, ചെർപ്പുളശ്ശേരി, പാലക്കാട്-679 503.

എതിർകക്ഷികൾ :

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ചെർപ്പുളശ്ശേരി, കെ.എസ്.ഇ.ബി ലിമിറ്റഡ്, പാലക്കാട്- ജില്ല.

2. അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ചെർപ്പുളശ്ശേരി, കെ.എസ്.ഇ.ബി ലിമിറ്റഡ്, പാലക്കാട്- ജില്ല.

# ഉത്തരവ്

**പരാതി:-**

പരാതിക്കാരി ചെർപ്പുളശ്ശേരി സെക്ഷനുകീഴിൽ 1165417044024 എന്ന കൺസ്യൂമർ നമ്പറിൽ LT VA താരിഫിൽ കൃഷി ആവശ്യത്തിനായി കണക്ഷൻ എടുത്തിട്ടുളള ഉപഭോക്താവാണ്. 160v മുതൽ 180v വരെയാണ് പരാതിക്കാരിയുടെ കണക്ഷനിൽ ലഭിക്കുന്നതെന്നും മോട്ടോർ പ്രവർത്തിക്കുമ്പോൾ ഇത് വീണ്ടും താഴ്ന്ന് 150v ആകുമെന്നും പരാതിക്കാരി അറിയിക്കുന്നു. ബന്ധപ്പെട്ട എല്ലാ അധികാരികൾക്കും പരാതിനൽകിയെങ്കിലും ലോവോൾട്ടേജ് പ്രശ്നത്തിന് ഒരു പരിഹാരവും ഉണ്ടായിട്ടില്ല എന്ന് പരാതിക്കാരി അറിയിക്കുന്നു. 245m സിംഗിൾ ഫേസ് ലൈൻ വലിക്കാനുള്ള എസ്റ്റിമേറ്റ് തുകയായ 1,63,500/- രൂപ അടക്കുന്ന മുറക്ക് വോൾട്ടേജ് ക്ഷാമം പരിഹരിച്ചുതരുന്നതാണ് എന്ന് എതിർകക്ഷിയിൽ നിന്നും അറിയിപ്പ് ലഭിച്ചതായി പരാതിക്കാരി അറിയിക്കുന്നു. ഈ എസ്റ്റിമേറ്റ് തുക അടവാക്കുവാൻ പറ്റിയ അവസ്ഥയിലല്ല പരാതിക്കാരിയെന്നും ആയതിനാൽ വോൾട്ടേജ് ക്ഷാമത്തിന് ഒരു പരിഹാരം കാണണമെന്നതുമാണ് പരാതി.

**പരാതിക്കാരന്റെ വിശദീകരണം:-**

പരാതിക്കാരി 2022 ൽ കാർഷിക ആവശ്യത്തിനായി എടുത്തിരുന്ന വൈദ്യുതി കണക്ഷന്റെ വോൾട്ടേജ് 160-180 ആയിരുന്നെന്നും എന്നാൽ 1.5 HP മോട്ടോർ പ്രവർത്തിപ്പിക്കുമ്പോൾ വോൾട്ടേജ് 150 ആയികുറയുകയാണെന്നും ആയതിനാൽ ടി പരാതി മുഖ്യമന്ത്രിക്കും വൈദ്യുതിമന്ത്രിക്കും കെ എസ് ഇ ബി ചെയർമാനും കൂടാതെ ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്കും ഒന്നിലധികം തവണ നൽകിയിരുന്നെന്നും ആയതിന് യാതൊരു മറുപടിയും ലഭിക്കാത്തതിനാൽ വീണ്ടും 2024 ൽ മുഖ്യമന്ത്രിക്കും അസിസ്റ്റന്റ് എഞ്ചിനീയർക്കും പരാതി നൽകുകയുണ്ടായെന്നും പരാതിക്കാരി അറിയിക്കുന്നു. ടി പരാതിക്ക് ഷൊർണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ മറുപടിയിൽ ശ്രീകൃഷ്ണപുരം സെക്ഷനിൽ നിന്നും 245 മീറ്റർ സിംഗിൾ ഫേസ് ലൈൻ വലിക്കാനായി 1,63,500/-രൂപ സെക്ഷനിൽ അടക്കുന്ന മുറക്ക് വോൾട്ടേജ് ക്ഷാമം പരിഹരിച്ചുതരുന്നതാണ് എന്നായിരുന്നു. എന്നാൽ 2022 ൽ 44,048/- രൂപ അടച്ച് 3

പോസ്റ്റുകൾ സ്ഥാപിച്ചാണ് പരാതിക്കാരിക്ക് കണക്ഷൻ ലഭിച്ചതെന്നും ഇനി പണമടച്ച് മറ്റൊരു സെക്ഷനിൽ നിന്നും കണക്ഷൻ വലിക്കാൻ സാധിക്കാത്ത സാഹചര്യമാണ് ഉള്ളതെന്നും ആയതിനാൽ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തണമെന്നും പരാതിക്കാരി അപേക്ഷിക്കുന്നു.

<u>എതിർകക്ഷിയുടെ വിശദീകരണം :-</u>

പരാതിയുടെ ഭാഗമായി ശ്രീകൃഷ്ണപുരം സെക്ഷനിലെ പുതുക്കോളി ട്രാൻസ്ഫോർമറിൽ നിന്നും 245 മീറ്റർ ത്രീഫേസ് ലൈൻ വലിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും സാധനസാമഗ്രികൾ കിട്ടുന്ന മുറക്ക് ടി പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതാണെന്നും എതിർകക്ഷി അറിയിക്കുന്നു.

<u>അവലോകനവും കണ്ടെത്തലും:-</u>

ഈ കേസിന്റെ വിചാരണ 25-07-2024 ന് ഷൊർണ്ണൂർ ടി. എം. ആർ ഡിവിഷനിൽ വച്ച് നടന്നു. പരാതിക്കാരിയുടെ പ്രതിനിധിയും എതിർകക്ഷിയും വിചാരണയിൽ ഹാജരായിരുന്നു. വിചാരണ സമയത്ത് ഹാജരാക്കിയ രേഖകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടു.

പരാതിക്കാരിക്ക് ചെർപ്പുളശ്ശേരി സെക്ഷനുകീഴിൽ 1165417044024 എന്ന കൺസ്യൂമർ നമ്പറിൽ LT VA താരിഫിൽ കാർഷിക ആവശ്യത്തിനായി ഒരു സർവ്വീസ് കണക്ഷൻ ഉണ്ട്. 110 മീറ്റർ ലൈൻ വലിക്കുന്നതിന് 44,048/- രൂപ അടച്ചാണ് ടി കണക്ഷൻ ലഭിച്ചതെന്നും എന്നാൽ പരാതിക്കാരിയുടെ പ്രിമിസസ്സിൽ 160v - 180v മാത്രമാണ് കിട്ടുന്നതെന്നും മോട്ടോർ പ്രവർത്തിപ്പിക്കുമ്പോൾ വോൾട്ടേജ് പിന്നെയും 150V ലേക്ക് താഴുന്നുവെന്നും പരാതിക്കാരി പറയുന്നു. ബന്ധപ്പെട്ട എല്ലാ അധികാരികൾക്കും പരാതി നൽകിയെങ്കിലും പരാതി പരിഹരിച്ചു കിട്ടിയില്ല എന്നറിയിച്ചു.

പരാതിക്കാരിയുടെ പരാതി ആദ്യം ലഭിച്ചപ്പോൾ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 0.5 km കണ്ടക്ടർ മാറ്റുന്ന പ്രവൃത്തി ചെയ്തുവെന്നും അപ്പോൾ താൽക്കാലികമായി വോൾട്ടേജ് ഉയർന്നിരുന്നെന്നും വീണ്ടും വോൾട്ടേജ് ക്ഷാമം ഉണ്ടെന്ന് പരാതിക്കാരി അറിയിച്ചതിൻ പ്രകാരം ആയത് പരിഹരിക്കാൻ പരാതിക്കാരിക്ക് സപ്ലൈ

നൽകിയിരുന്ന ട്രാൻസ്ഫോർമറിനടുത്ത് പുതുതായി സ്ഥാപിച്ച ട്രാൻസ്ഫോർമറിൽ നിന്നും 0.5 km ത്രീഫേസ് ലൈൻ വലിച്ച്, ടി കണക്ഷൻ നൽകിയെന്നും തൽഫലമായി വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെട്ടിരുന്നെന്നും എതിർകക്ഷി അറിയിച്ചു. എന്നാൽ ടി വർക്കുകളുടെ ഫലമായി താൽകാലികമായി വോൾട്ടേജ് വർദ്ധിച്ചിരുന്നെങ്കിലും മോട്ടോർ പ്രവൃത്തിപ്പിക്കുവാൻ പിന്നെയും ബുദ്ധിമുട്ടായിരുന്നെന്നും വോൾട്ടേജ് ക്ഷാമം ഇപ്പോഴും ഉണ്ട് എന്നും പരാതിക്കാരി അറിയിച്ചു.

ശ്രീകൃഷ്ണപുരം സെക്ഷനിലെ പുതുക്കൊള്ളി 100 KVA ട്രാൻസ്ഫോർമറിൽ നിന്നും 245 മീറ്റർ സിംഗിൾ ഫേസ് ലൈൻ വലിക്കുകയാണെങ്കിൽ വോൾട്ടേജ് പ്രശ്നത്തിന് പരിഹാരമുണ്ടാകുമെന്നും ആയതിന്റെ എസ്റ്റിമേറ്റ് തുകയായ 1,63,500/- രൂപ അടക്കുവാനും ലൈസൻസിയുടെ ഷൊർണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാതിക്കാരിയെ അറിയിച്ചു. പ്രസ്തുത തുക അടക്കുവാൻ പറ്റിയ അവസ്ഥയിലല്ല എന്ന് പരാതിക്കാരിയും അറിയിക്കുന്നു.

കേരളാ ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014 സെക്ഷൻ 4(2) പ്രകാരം "The licensee is responsible for ensuring that its distribution system is upgraded extended and strengthened to meet the demand for electricity in its area of supply." എന്നും

കൂടാതെ കേരളാ ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014 സെക്ഷൻ 7 പ്രകാരം "Duty of licensee to maintain the specified voltage level:- The licensee shall not vary the voltage at the point of supply from the voltage levels as specified in regulation 6 (single phase 240v between phase and neutral) except with the written consent of the commission, consumer or with the previous sanction of the commission.

**Provided that variations in voltage at the point of supply with the limits specified hereunder is permissible without written consent of the consumer or the sanction of the commission.**

**(i) 6% on higher side and lower side in the case of low tension supply...**

എന്നും വ്യക്തമാക്കിയിരിക്കുന്നതിനാൽ പരാതിക്കാരിയുടെ കണക്ഷനിലെ point of supply യിൽ 225.6 വോൾട്ടേജിൽ താഴാതെ വോൾട്ടേജ് നൽകേണ്ടത് കേരളാ ഇലക്ട്രിസിറ്റി സപ്ലൈക്കോഡ് 2014 സെക്ഷൻ 7 അനുസരിച്ച് എതിർകക്ഷിയുടെ ഉത്തരവാദിത്വമാണ്. ആയതിനു വേണ്ട വിതരണ സംവിധാനം പരിഷ്കരിക്കേണ്ടതും കേരളാ ഇലക്ട്രിസിറ്റി സപ്ലൈക്കോഡ് 2014 സെക്ഷൻ 4(2) പ്രകാരം ലലൈസൻസി തന്നെയാണ്. പരാതിക്കാരിയുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എസ്റ്റിമേറ്റ് തുക പരാതിക്കാരി അടവാക്കാൻ എതിർകക്ഷി ആവശ്യപ്പെട്ടത് നിയമാനുസൃതമല്ല എന്ന് ഫോറം മനസ്സിലാക്കുന്നു.

ടി പരാതി പരിഹരിക്കുന്നതിലേക്കായി എതിർകക്ഷി പരാതിക്കാരിക്ക് നൽകിയ കത്തിന്റെ കോപ്പി എതിർകക്ഷി ഫോറത്തിൽ സമർപ്പിച്ചിട്ടുണ്ട്.

ആയതിൻ പ്രകാരം ശ്രീകൃഷ്ണപുരം സെക്ഷനിലെ പുതുക്കൊള്ളി ട്രാൻസ്ഫോർമറിൽ നിന്നും 245 മീറ്റർ ത്രീഫേസ് ലൈൻ വലിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും സാധന സാമഗ്രികൾ ലഭിക്കുന്ന മുറയ്ക്ക് ടി പ്രവൃത്തി ബോർഡ് ചെലവിൽ ഏറ്റെടുത്ത് നടത്തുന്നതാണെന്നും പരാതിക്കാരനെ അറിയിച്ചിട്ടുണ്ട്. എന്നാൽ തുടർന്ന് ഹിയറിംഗ് സമയത്ത് ടി വർക്ക് ഒരു മാസത്തിനുള്ളിൽ ചെയ്തു നൽകുന്നതാണെന്നും, ടി വർക്ക് ചെയ്തു കഴിയുമ്പോൾ പരാതിക്കാരന്റെ ലോ വോൾട്ടേജ് പ്രശ്നം പരിഹരിക്കപ്പെടുമെന്നും എതിർകക്ഷി അറിയിച്ചു.

## തീരുമാനം:-

- ശ്രീകൃഷ്ണപുരം സെക്ഷനിലെ പുതുക്കൊളളി ട്രാൻസ്ഫോർമറിൽ നിന്നും 245 മീറ്റർ ത്രീഫേസ് ലൈൻ വലിച്ച് പരാതിക്കാരിയുടെ സർവ്വീസ് കണക്ഷൻ ലൈൻ ആയതിലേക്ക് മാറ്റുന്ന ജോലി എതിർകക്ഷി ഒരു മാസത്തിനകം പൂർത്തീകരിച്ച് നൽകേണ്ടതാണ് എന്ന് ഫോറം ഉത്തരവാക്കുന്നു.

പരാതി മേൽ പറഞ്ഞ പ്രകാരം തീർപ്പാക്കി ഫോറം ഉത്തരവാക്കുന്നു.

രണ്ടായിരത്തി ഇരുപത്തി നാലാമാണ്ട് ആഗസ്ത് മാസം 07 തീയ്യതി

| | |
|---|---|
| Sd/-<br>സാജമ്മ [illegible] പുന്നൂർ<br>അംഗം | Sd/-<br>ഫ്രാൻസിസ്. എ.സി<br>അദ്ധ്യക്ഷ |

Endt.on CGRF-NR/KKD/OP 19/2024-25/ 182 07/08/2024

**അയയ്ക്കുന്നത്:**

| | |
|---|---|
| ശ്രീമതി.സുജ.സി<br>ചങ്ങമേടത്ത് ഹൌസ്,<br>മാങ്ങോട് – പി.ഒ,<br>ചെർപ്പുളശേരി,<br>പാലക്കാട് 679 503 | ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് / പരാതിക്കാരിയ്ക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, ഡി.എച്ച് റോഡ്, ഓഫ്ഷോർ റോഡ് ജംഗ്ഷൻ, ഗാന്ധി സ്ക്വയറിന് സമീപം എറണാകുളം, കേരള-682016 (ഫോൺ 0484 2346488). |

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
   ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
   കെ.എസ്.ഇ.ബി ലിമിറ്റഡ്,
   ചെർപ്പുളശേരി, പാലക്കാട്

കോപ്പി സമർപ്പിക്കുന്നത് :

ചീഫ് എഞ്ചിനീയർ (ഡിസ്ട്രിബ്യൂഷൻ - നോർത്ത്) കോഴിക്കോട്

കോപ്പി സമർപ്പിക്കുന്നത് :

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
   വൈദ്യുതിഭവനം,തിരുവനന്തപുരം.

2. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,
   ഇലക്ട്രിക്കൽ സർക്കിൾ, ഷൊർണ്ണൂർ,
   കെ.എസ്.ഇ.ബി ലിമിറ്റഡ്, പാലക്കാട്

3. എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   ഇലക്ട്രിക്കൽ ഡിവിഷൻ, പട്ടാമ്പി,
   കെ.എസ്.ഇ.ബി ലിമിറ്റഡ്, പാലക്കാട്

4. അസിസ്റ്റന്റ് എഞ്ചിനീയർ .
   ഇലക്ട്രിക്കൽ സെക്ഷൻ,
   കെ.എസ്.ഇ.ബി ലിമിറ്റഡ്,
   ചെർപ്പുളശേരി, പാലക്കാട്

Forwarded

Chairperson

OFFICE OF THE DEPUTY CHIEF ENGINEER
KSE BOARD
GANDHI ROAD
KOZHIKODE
PIN-673011
CONSUMER GRIEVANCE REDRESSAL FORUM